5229

31

19 JUN 2017

NORKA-ROOTS

| TAPPAL | Date & Initial |
|---|---|
| CEO | 20/6 |
| GM | |

കേരള സർക്കാർ

**സംഗ്രഹം**

കേരളീയപ്രവാസികാര്യ വകുപ്പ്- ആഗോള സാംസ്കാരികോത്സവം പദ്ധതി -2017-18 സാമ്പത്തിക വർഷത്തിലെ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കേരളീയപ്രവാസികാര്യ(എ) വകുപ്പ്

സ.ഉ.(സാധാ.) നം. 417/2017/നോർക്ക തിയതി, തിരുവനന്തപുരം 16/06/2017

---

പരാമർശം: (1) നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20.04.2017 ലെ 3114/ജി/2017/റൂട്ട്സ് നമ്പർ കത്ത്.

(2) 24.05.2017 തീയതിയിലെ നോർക്ക ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കേരള സംസ്ഥാനത്തിന്റെ സംസ്കാരവും പാരമ്പര്യവും സംരക്ഷിക്കേണ്ടതും വരും തലമുറയിലേക്ക് പകരേണ്ടതും അനിവാര്യമാണ്. കേരള ജനതയിൽ ഒരു നല്ല ശതമാനം മലയാളികൾ സംസ്ഥാനത്തിനു പുറത്ത് താമസിച്ചുവരുന്നവരാണ്. അവർ നാട്ടുമായുള്ള അവരുടെ ബന്ധം നിലനിർത്തുന്നവരും ഈ നാടിന്റെ സവിശേഷമായ സംസ്കാരം, പാരമ്പര്യം, ആചാരം എന്നിവ സംരക്ഷിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും ഏറെ താൽപര്യമുള്ളവരാണ്. മാതൃസംസ്ഥാനവുമായുള്ള പ്രവാസികളുടെ ബന്ധം നിലനിർത്തുന്നതിനും കേരളത്തിന്റെ മികവാർന്ന സംസ്കാരം മറുനാടുകളിൽ പ്രദർശിപ്പിക്കുന്നതിനും വർഷാവർഷം ഒരു ആഗോള സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നതിലൂടെ സാധിക്കുന്നതാണ്. കുട്ടികൾ, യുവാക്കൾ, മുതിർന്നവർ തുടങ്ങി പ്രായഭേദമന്യെ എല്ലാ മറുനാടൻ മലയാളികൾക്കും അവരുടെ പ്രതിഭ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു വേദി കൂടിയായി ആഗോള സാംസ്കാരികോത്സവം പ്രയോജനപ്പെടുത്താൻ സാധിക്കും. ശരിയായ പരിശ്രമങ്ങളിലൂടെയും പ്രചരണ പരിപാടികളിലൂടെയും കേരള സംസ്ഥാനത്തിന്റെ സാംസ്കാരികമായ ഉന്നത പദവിയിലേക്ക് ആഗോള സാംസ്കാരികോത്സവത്തെ ഉയർത്തിക്കൊണ്ടു വരാനും സാധിക്കുന്നതാണ്.

2.മേൽ പറഞ്ഞ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവാസി മലയാളികൾക്കു വേണ്ടി ആഗോള സാംസ്കാരികോത്സവം പദ്ധതി നടപ്പാക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-64 എന്ന ശീർഷകത്തിൽ 200,00,000/- രൂപ (ഇരുന്നൂറ് ലക്ഷം രൂപ മാത്രം) വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പരാമർശം (1)- ലെ കത്ത് പ്രകാരം, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ ഭരണാനുമതിക്കായി വിശദമായ ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത ശുപാർശ 24.05.2017-ൽ ചേർന്ന നോർക്ക ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും പരാമർശം (2) ലെ നടപടിക്കുറിപ്പ് പ്രകാരം ആഗോള സാംസ്കാരികോത്സവം പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 200,00,000/- രൂപ (ഇരുന്നൂറ് ലക്ഷം രൂപ മാത്രം) അടങ്കൽ തുകയ്ക്ക് താഴെ പറയുന്ന ഘടകങ്ങൾ പ്രകാരം ഭരണാനുമതി നൽകാൻ തീരുമാനമാകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഘടകങ്ങൾ | സാമ്പത്തിക ലക്ഷ്യം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഏതെങ്കിലും ഒരു ജില്ലയിൽ ആഗോള സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നതിനും, വിവിധ പ്രവർത്തനങ്ങൾക്കുള്ള മുഖ്യ ചെലവിനും, പാരിതോഷികങ്ങൾക്കും | 140 |
| 2 | അന്യോന്യ സമ്പർക്കം പുലർത്തുന്നതിനായി ഫലവത്തായ ഒരു വെബ്സൈറ്റ് സൃഷ്ടിക്കുന്നതിനും പരിപാലനത്തിനും | 10 |
| 3 | പ്രചരണവും ബോധവൽക്കരണവും | 40 |
| 4 | മറ്റു ചിലവുകൾ | 10 |
| | ആകെ | 200 |

4. ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആഗോള സാംസ്കാരികോത്സവം പദ്ധതി രൂപീകരിച്ചുകൊണ്ടും പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 200,00,000/- രൂപ (ഇരുന്നൂറു ലക്ഷം രൂപ മാത്രം), 2230-01-103-64 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ആഞ്ചലോസ്. ജി**

**അഡീഷണൽ സെക്രട്ടറി**

To

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക- റൂട്ട്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് വകുപ്പ്.
ധനകാര്യ വകുപ്പ്
നോർക്ക (ബി) വകുപ്പ് (2 പകർപ്പുകൾ)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ